**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 474**

**04-02-2020 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം :** **ഉത്തരം :**

**ശ്രീ.പി.ഉബൈദുള്ള**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** **ഡോ.തോമസ് ഐസക്ക്**

**എം.എൽ.എ** **(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തന അവലോകനം നടത്തിയിട്ടുണ്ടോ; | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനം ഓരോ ഘട്ടത്തിലും സർക്കാർ വിലയിരുത്തുന്നുണ്ട്. |
| ബി | ഇതിനകം സമിതി എത്ര സിറ്റിംഗുകൾ നടത്തി; ആരിൽ നിന്നെല്ലാം തെളിവെടുപ്പുകൾ നടത്തി; വിശദാംശം നൽകുമോ; | 07.11.2018-ൽ സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 14.10.2019 ന് മുൻപ് സമിതി നിരവധി തവണ അനൗദ്യോഗിക സിറ്റിംഗുകൾ നടത്തുകയും ടി തീയതിയ്ക്ക് ശേഷം 01.02.2020 വരെ 12 ഔദ്യോഗിക സിറ്റിംഗുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ സമിതി ആരിൽ നിന്നും തെളിവെടുപ്പുകൾ നടത്തിയിട്ടില്ല. |
| സി | നിലവിലെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് എൻ.പി.എസിൽ നിന്നും പിന്മാറാൻ സാധിക്കുമോ; ഇതു സംബന്ധിച്ച നിയമപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായിട്ടാണ് ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി സർക്കാർ പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയെ നിയമിച്ചിട്ടുള്ളത്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഡി | നാഷണൽ പെൻഷൻ സ്കീമുമായി (എൻ.പി.എസ്.) ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് നൽകിയശുപാർശകൾ വെളിപ്പെടുത്തുമോ; | ന്യൂ പെൻഷൻ സ്കീമിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ (2010-15) സർക്കാരിന് ശുപാർശ |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. അതിലേക്കായി ജീവനക്കാർക്കും പെൻഷൻകാർക്കും ഡാറ്റാബേസ് രൂപീകരിക്കുന്നതിന് സംസ്ഥാനത്തിന് 10 കോടി രൂപ ഗ്രാന്റ് അനുവദിക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| ഇ | പദ്ധതി പുന:പരിശോധിക്കുമെന്ന് തെരഞ്ഞെടുപ്പ് വാഗ്ദാനം നൽകിയ ഈ സർക്കാരിന്റെ ഇതു സംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ? | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കുന്നതിനായി സർക്കാർ ഇതിനോടകം തന്നെ ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**